## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3598 17.12.2015-ലെ മറുപടിക്ക്**

# "നികുതി ചോർച്ച തടയുന്നതിനും നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിനും കർമ്മ പദ്ധതികൾ"

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.വി.റ്റി. ബൽറാം<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.ഷാഫി പറമ്പിൽ | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) | നികുതി ചോർച്ച തടയുന്നതിനും നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്; | (എ)<br>(ബി)<br>&<br>(സി) | നികുതി ചോർച്ച തടയുന്നതിനും, നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിനുമായി നികുതി മേൽനോട്ട സമിതി, വില നിരീക്ഷണ സമിതി എന്നിവയുടെ ആഭിമുഖ്യത്തിൽ വിശകലനം നടത്തുന്നുണ്ട്. നികുതി നിർണ്ണയം ഊർജ്ജിതമാക്കുന്നതിന് റിട്ടേൺ സ്ക്രൂട്ടിനി ശക്തമാക്കി കൂടുതൽ വ്യാപാരികളെ നികുതി നിർണ്ണയ പരിധിയിൽകൊണ്ടുവരുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റ് പരീക്ഷണാടിസ്ഥാനത്തിൽ അമരവിളയിൽ ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്. ഇത് ബാക്കിയുള്ള അതിർത്തി ചെക്ക്പോസ്റ്റുകളിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. സി.സി.ടി.വി. ക്യാമറ സംവിധാനം എല്ലാ അതിർത്തി ചെക്ക്പോസ്റ്റുകളിലും നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി വലിയ തുകകൾ ഉൾപ്പെട്ട ഹൈക്കോടതിയിലുള്ള കേസുകൾ അടിയന്തിരമായി തീർപ്പുകൽപ്പിച്ച് നികുതി പിരിച്ചെടുക്കാനുള്ള ശ്രമങ്ങൾ നടത്തി വരുന്നു. ഇതിനുപുറമേ ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽ), ട്രൈബ്യൂണൽ എന്നിവയിൽ സ്റ്റേയിൽ കിടക്കുന്ന കേസുകളും അടിയന്തിരമായി തീർപ്പാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | | |
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | | |

→

അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിനകത്തേക്ക് വരുന്ന ചരക്കുകളുടെ വിശദാംശങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. ഇതുപ്രകാരം സംസ്ഥാനത്തിനകത്തേക്കു വരുന്ന സാധനങ്ങൾ വ്യാപാരികൾ അവരുടെ റിട്ടേണിൽ കാണിച്ചിട്ടുണ്ടോ എന്നുള്ളത് പെട്ടെന്ന് ഒത്തു നോക്കാൻ കഴിയും ആഢംബര നികുതി, കാർഷികാദായ നികുതി, മണിലെൻഡേഴ്സ് നിയമം എന്നിവയിലുള്ള റിട്ടേണുകളും ഓൺലൈനാക്കി. ചെക്കുപോസ്റ്റുകളുടേയും വാണിജ്യ നികുതി ഇന്റലിജൻസ് വിഭാഗത്തിന്റേയും പ്രവർത്തനം സൂക്ഷ്മപരിശോധനക്ക് വിധേയമാക്കുകയും തദ്വാര നികുതി വെട്ടിപ്പ് പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കുടിശ്ശിക അസസ്സ്മെന്റുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും റിട്ടേൺ സ്കൂട്ടിനിയുടെ നിലവാരം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു.

Kerala Taxation Laws Amendment Act 2014 പ്രകാരം കെയ്സിന് 400 രൂപയിൽ കൂടുതൽ വാങ്ങൽ വിലയുള്ള ബിയർ & വൈൻ ഒഴികെയുള്ള വിദേശമദ്യത്തിന്റെ നികുതി നിരക്ക് 115%-ൽ നിന്നും 135% ആയും ബിയർ & വൈനിന്റെ നികുതി നിരക്ക് 50%-ൽ നിന്നും 70% ആയും ഉയർത്തുകയുണ്ടായി.

നികുതി നിർണ്ണയ അധികാരികളുടെ യോഗം നടത്തി പൊട്ടൻഷ്യൽ അസസ്സ്മെന്റ്, മോഡിഫൈഡ് അസസ്സ്മെന്റ് എന്നിവ സമയ ബന്ധിതമായി പൂർത്തീകരിക്കാനും സി.എസ്.ടി. അസസ്സ്മെന്റുകൾ എത്രയുംപെട്ടെന്ന് തീർപ്പാക്കാനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നികുതി വെട്ടിപ്പ് പ്രകടമായി അനുഭവപ്പെടുന്ന സെക്ടറുകളിൽ ഇന്റലിജൻസ് വിംഗ് വിശദാംശങ്ങൾ ശേഖരിച്ചശേഷം കടപരിശോധന ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇന്റലിജൻസ് വിംഗിനോട് കട പരിശോധനയുമായി ബന്ധപ്പെട്ട ക്രൈംഫയലുകൾ പെട്ടെന്ന് തീർപ്പാക്കി അസസ്സ്മെന്റ് വിംഗിന് നൽകാൻ നിർദ്ദേശം നൽകി. ട്രെയിൻ, ലക്ഷദ്വീപ് ബസ് എന്നിവയിലൂടെയുള്ള അനധികൃത ചരക്ക്

→

| | | | |
|---|---|---|---|
| | | | വ്യാപനം ഫലപ്രദമായി തടയുന്നതിനായി ഈ മേഖലയിൽ പരിശോധന ശക്തിപ്പെടു ത്തിയിട്ടുണ്ട്. റവന്യൂ റിക്കവറിയിൽ കിടക്കുന്ന തുകകൾ കാലവിളംബം കൂടാതെ പിരിച്ചെടുക്കുന്നതിൽ ജില്ലാകളക്ടർ മാരുടെ യോഗത്തിൽ നിർദ്ദേശം നൽകുകയുണ്ടായി. വകുപ്പുതല റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിത പ്പെടുത്തിയിട്ടുണ്ട്. നിബന്ധന കൂടാതെയുള്ള സർക്കാർ സ്റ്റേകളും പിൻവലി ച്ചിട്ടുണ്ട്. തുണിത്തരങ്ങളിന്മേലുള്ള വിറ്റുവരവ് നികുതി അടയ്ക്കാത്ത തുണിസ്ഥാപനങ്ങളുടെ അസസ്സ്മെന്റ് സമയബന്ധിതമായി പൂർത്തി യാക്കി തുടർനടപടി സ്വീകരിച്ചുവരുന്നു. കൂടാതെ നികുതി നിർണ്ണയ വ്യവസ്ഥ കാര്യ ക്ഷമമാക്കുന്നതിനായി ആഡിറ്റ് അസസ്സ് മെന്റ് വിംഗ് പുന:സ്ഥാപിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**